# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1179** **31.10.2019 ൽ മറുപടിക്ക്**

**ആശുപത്രി കെട്ടിടങ്ങൾക്ക് ആധുനിക ഡിസൈൻ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.എം. സ്വരാജ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണം നടത്തുന്ന പുതിയ ആശുപത്രി കെട്ടിടങ്ങൾക്ക് ആധുനിക ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ആരോഗ്യവകുപ്പിൽ നിന്നുള്ള നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ആർക്കിടെക്ച്ചറൽ വിഭാഗം തയ്യാറാക്കുന്ന ഡ്രോയിംഗുകൾ അനുസരിച്ചാണ് കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ചെയ്യുന്നത്. ഇത്തരം ഡിസൈൻ വിവിധ ഐ.എസ് കോഡ് നിർദ്ദശങ്ങൾ പ്രകാരമാണ് ചെയ്തുവരുന്നത്. |
| (ബി) പുതിയ കാലത്തെ ആധുനിക ചികിത്സാ രീതികളെ സഹായിക്കുന്ന ഉപകരണങ്ങൾ രോഗികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന തരത്തിൽ സ്ഥാപിക്കുന്നതിന് ഉചിതമായ രീതിയിൽ കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ ഇതുമായി ബന്ധപ്പെട്ടവർക്ക് പ്രത്യേകമായ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ബി) പുതിയ കാലത്തെ ആധുനിക ചികിത്സാരീതികളെ സഹായിക്കുന്ന ഉപകരണങ്ങൾ രോഗികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന തരത്തിൽ സ്ഥാപിക്കുന്നതിനായി ഉചിതമായ രീതിയിൽ തന്നെയാണ് നിലവിൽ കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുന്നത്. ഇതിനായി മെച്ചപ്പെട്ട പരിശീലനം വാസ്തുശിൽപ്പവിഭാഗത്തിലെ ആർക്കിടെക്റ്റുമാർക്ക് ആവശ്യമെങ്കിൽ നൽകാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**